ഉല്പാദനക്ഷമത കൈവരിക്കുന്നത് ഉറപ്പാക്കുവാനും നടപടി സ്വീകരിച്ചു. നിലവിലുള്ള സാമ്പത്തിക പ്രതിസന്ധി കണക്കിലെടുത്ത് തൊഴിലാളികൾക്കുള്ള ബോണസ് കുടിശ്ശിക കൊടുത്തു തീർക്കുന്നതിനുള്ള സമയ പരിധി ദീർഘിപ്പിച്ചു നൽകിവരുന്നു.

പ്ലാന്റേഷൻ രംഗത്ത് നിലനിൽക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുവാൻ ഇടപെടണമെന്ന് കേന്ദ്ര സർക്കാരിനോട് സംസ്ഥാന സർക്കാർ ഒരു നിവേദനംവഴി ആവശ്യപ്പെട്ടതിന്റെ ഫലമായി ടീ മാർക്കറ്റിംഗ് കൺട്രോൾ ഓർഡർ 2003 നടപ്പാക്കിയതിലൂടെ തേയില ലേല നിയമത്തിന് കാര്യമായ പരിഷ്ക്കാരങ്ങൾ കൊണ്ടുവരാൻ കേന്ദ്ര വാണിജ്യ മന്ത്രാലയം നടപടി സ്വീകരിച്ചു. കേന്ദ്ര ധനമന്ത്രാലയം കിലോയ്ക്ക് ഒരു രൂപ നിരക്കിൽ എക്സൈസ് ഡ്യൂട്ടി ഇളവ് പ്രഖ്യാപിക്കുകയും പ്രൈസ് സ്റ്റെബിലൈസേഷൻ ഫണ്ടിന് താങ്ങു നൽകുവാൻ സർചാർജ്ജ് ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. തോട്ടം മേഖലയിൽ 1-4-2002 മുതൽ കുടിശ്ശികയായ ഡി.എ., കാർഡമം പ്ലാന്റേഷനുകളിൽ 1-10-2003 മുതൽ കുടിശ്ശിക കൊടുക്കാൻ ധാരണയായിട്ടുണ്ട്.

തൊഴിൽ സമരംമൂലം അടച്ചുപൂട്ടിയ സ്ഥാപനങ്ങൾ

87 [1226] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ 33 മാസത്തിനുള്ളിൽ തൊഴിൽ സമരംമൂലം എത്ര വ്യവസായ സ്ഥാപനങ്ങൾ സംസ്ഥാനത്ത് അടച്ചുപൂട്ടിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) എത്ര തൊഴിൽ സമരങ്ങൾ സംസ്ഥാനത്ത് ഈ കാലയളവിൽ ഉണ്ടായിട്ടുണ്ട്;

(സി) ഈ കാലയളവിൽ തൊഴിൽ വകുപ്പ് മുൻകൈ എടുത്ത് ഉണ്ടാക്കിയിട്ടുള്ള തൊഴിൽ തർക്ക എഗ്രിമെന്റുകൾ എത്രയാണെന്ന് പറയാമോ;

(ഡി) തൊഴിലാളികളുടേതല്ലാത്ത കാരണങ്ങളാൽ എത്ര സ്ഥാപനങ്ങൾ അടച്ചുപൂട്ടിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ഇ) ഇതിൽ 1000-ൽ കൂടുതൽ പേർ തൊഴിലെടുക്കുന്ന എത്ര വ്യവസായ സ്ഥാപനങ്ങൾ ഉണ്ട് എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) 8 സ്ഥാപനങ്ങൾ അടച്ചുപൂട്ടിയിട്ടുണ്ട്.

(ബി) 98 തൊഴിൽ സമരങ്ങൾ ഉണ്ടായിട്ടുണ്ട്.

(സി) 9,618 തൊഴിൽ തർക്ക എഗ്രിമെന്റുകൾ ഉണ്ടാക്കിയിട്ടുണ്ട്.

(ഡി) 24 സ്ഥാപനങ്ങൾ അടച്ചുപൂട്ടിയിട്ടുണ്ട്.

(ഇ) ഒന്നുമില്ല.

പ്രോവിഡന്റ് ഫണ്ട്, ഗ്രാറ്റുവിറ്റി എന്നിവ നൽകാതെ സ്ഥാപനങ്ങൾ അടച്ചുപൂട്ടിയ തോട്ടം മാനേജ്മെന്റുകൾ

88 [1227] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) പ്രോവിഡന്റ് ഫണ്ട്, ഗ്രാറ്റുവിറ്റി എന്നിവ നൽകാതെ സ്ഥാപനങ്ങൾ അടച്ചുപൂട്ടിയ എത്ര തോട്ടങ്ങൾ സംസ്ഥാനത്തുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) അടച്ചുപൂട്ടിയ തോട്ടങ്ങളിലെ ഉടമകൾ പി.എഫ്., ഗ്രാറ്റുവിറ്റി എന്നീ ഇനങ്ങളിൽ അടയ്ക്കേണ്ട കുടിശ്ശിക സംഖ്യ എത്ര;

(സി) സ്റ്റാറ്റ്യൂട്ടറി ആയിട്ടുള്ള സംഖ്യയിൽ കുടിശ്ശിക വച്ചിട്ടുള്ള തൊഴിൽ സ്ഥാപനങ്ങളുടെ ഉടമകളുടെ പേരിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ഏതൊക്കെ ഉടമകളുടെ പേരിലാണ് പ്രോസിക്യൂഷൻ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഇപ്പോൾ 20 തേയിലത്തോട്ടങ്ങളും ഒരു കാപ്പിത്തോട്ടവുമാണ് ആകെ പ്രവർത്തനരഹിതമായിട്ടുള്ളത്.

(ബി—ഡി) വിവരം ശേഖരിച്ച് ഉടനെ നൽകുന്നതാണ്.

തോട്ടം മേഖലയിലെ തൊഴിൽ സ്തംഭനം

89 [1228] ശ്രീ. കോവൂർ കുഞ്ഞുമോൻ:

,, എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ എത്ര തോട്ടങ്ങൾ മാനേജുമെന്റുകൾ പ്രവർത്തിപ്പിക്കുന്നില്ല എന്ന് വെളിപ്പെടുത്തുമോ;

(ബി) തോട്ടങ്ങളിലെ പ്രവർത്തനം നടക്കാത്തതുകൊണ്ട് എത്ര തൊഴിലാളികൾക്ക് ഈ കാലയളവിൽ തൊഴിൽ നഷ്ടപ്പെട്ടുവെന്ന് വ്യക്തമാക്കുമോ;

(സി) തോട്ടം മേഖലയിലെ സ്തംഭനാവസ്ഥ ഒഴിവാക്കാൻ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ഡി) എത്ര കാലമായി തോട്ടം മേഖലയിലെ തൊഴിലാളികൾക്ക് ഡി.എ. നൽകുന്നില്ല എന്നും ഡി.എ. കുടിശ്ശിക എത്രയുണ്ടെന്നും വെളിപ്പെടുത്താമോ;

(ഇ) ഈ കുടിശ്ശിക തീർത്തു നൽകാൻ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(എഫ്) തോട്ടം മേഖലയിലെ തൊഴിലാളികൾക്ക് മിനിമം വേജസ് കൃത്യമായും നൽകുന്നുണ്ടോ; ഇല്ലെങ്കിൽ അതു ലഭ്യമാക്കാൻ എന്തു നടപടി സ്വീകരിക്കും എന്ന് വിശദമാക്കുമോ;

(ജി) നാളിതുവരെ ഈ വിഷയത്തിൽ സർക്കാർ മാനേജുമെന്റുമായി ചർച്ച നടത്തിയിട്ടുണ്ടോ; എങ്കിൽ എന്തെങ്കിലും ധാരണയിൽ എത്തിയിട്ടുണ്ടോ എന്നറിയിക്കാമോ;

(എച്ച്) ധാരണയിൽ എത്തിയിട്ടുണ്ടെങ്കിൽ അതിലെ വ്യവസ്ഥകൾ ലഭ്യമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly